(ബി ആന്റ് സി) കുറ്റാന്വേഷണം ശാസ്ത്രീയമായും, നിയമം അനുസരിച്ചും ഫോറൻസിക് സയൻസ് ലബോറട്ടറിയുടേയും ഫിംഗർ പ്രിന്റ് ബ്യൂറോയുടേയും കെമിക്കൽ അനാലിസിസ് ലബോറട്ടറിയുടേയും, ഡോഗ് സ്ക്വാഡിന്റേയും മറ്റും നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാഡ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടു വരുന്നു. എഫ്. എസ്. എൽ., ഫിംഗർ പ്രിന്റ് ബ്യൂറോ, പോലീസ് ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നീ സ്ഥാപനങ്ങളിലെ പ്രവർത്തനത്തിന് വേണ്ട ആധുനിക ഉപകരണങ്ങളും പോലീസ് സ്റ്റേഷനുകളിലേക്ക് ആവശ്യമുള്ള ഉപകരണങ്ങളും പുതിയ വാഹനങ്ങളും വാങ്ങിയിട്ടുണ്ട്.

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും കുറ്റവാളികളെ നിയമത്തിന്റെ മുൻപാകെ കൊണ്ടുവരുന്നതിനും ശിക്ഷിക്കുന്നതിനും വേണ്ട നടപടികൾ കൃത്യമായി ചെയ്യുന്നുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ജയിലുകളിൽ വലിപ്പച്ചെറുപ്പമോ മറ്റ് വേർതിരിവുകളോ നോക്കാതെ എല്ലാ തടവുകാരേയും ഒരുപോലെയാണ് നോക്കിവരുന്നത്.

പോലീസ് അതിക്രമങ്ങളെക്കുറിച്ച് പരാതികൾ

417 [2509] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പോലീസ് അതിക്രമങ്ങളെക്കുറിച്ച് പരാതി ഉന്നയിച്ച് കോവളം എം. എൽ. എ. എത്ര കത്ത് നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരാതിൻമേൽ എന്തുനടപടി സ്വീകരിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly